MR. MOHAMMED MUSTAFA : ഈ കൊടുക്കുന്ന തുകകൾ എന്തൊക്കെ ആവശ്യത്തിനു വിനിയോഗിക്കുന്നു എന്നു ഗവണ്മെൻറ് അന്വേഷിക്കാറുണ്ടോ?

HON'BLE MR. G. RAMACHANDRAN: ഉണ്ട്. എന്തു കാരണങ്ങൾക്കൊക്കെ വിനിയോഗിക്കുന്നതു് എന്നു സ്റ്റേറ്റുമെൻറിൽ ഉണ്ട്.

പ്രീ യൂണിവേഴ്സിറ്റി.

77. MR. V. MADHAVAN (*Vaikam II—General*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി മറുപടി പറയുമോ?

(എ) ഈ കഴിഞ്ഞ സ്കൂൾവർഷത്തിൽ ഏതെല്ലാം പ്രീയൂണിവേഴ്സിറ്റി സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളെ പ്രീയൂണിവേഴ്സിറ്റി പരീക്ഷയ്ക്ക് അയച്ചിരുന്നു?

(ബി) ഓരോ സ്കൂളുകളിലും ഉണ്ടായിരുന്ന വിദ്യാർത്ഥികളെത്ര?

(സി) അവരിൽ എത്രപേർ അവസാന പരീക്ഷയിൽ പാസ്സായി?

(ഡി) പ്രസ്തുത പരീക്ഷയിൽ പാസ്സായവരുടെ ശതമാനമെത്ര?

HON'BLE MR. T. M. VARGHESE : തിരുവനന്തപുരത്തെ പ്രീയൂണിവേഴ്സിറ്റി സ്കൂളും ചങ്ങനാശേരിയിലെ പ്രീയൂണിവേഴ്സിറ്റിസ്കൂളും. ഈ രണ്ടു സ്കൂളുകളിൽ നിന്നുമാണ് വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് അയച്ചതു്. തിരുവനന്തപുരത്തെ പ്രീയൂണിവേഴ്സിറ്റിയിൽ നിന്നും [illegible] വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് അയച്ചു. അതിൽ [illegible] വിദ്യാർത്ഥികളും പാസ്സായി. ചങ്ങനാശേരി പ്രീയൂണിവേഴ്സിറ്റിയിൽ നിന്നും [illegible] വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് അയച്ചതിൽ [illegible] പേർ പാസ്സായി. തിരുവനന്തപുരം പ്രീയൂണിവേഴ്സിറ്റിയിൽ [illegible] ശതമാനവും ചങ്ങനാശേരിയിൽ നിന്നും [illegible] ശതമാനം വിദ്യാർത്ഥികളും പാസ്സായിട്ടുണ്ട്.

MR. V. MADHAVAN : മറ്റു പരീക്ഷകളുമായി നോക്കുമ്പോൾ ഈ പരീക്ഷയിൽ ജയിച്ചിട്ടുള്ളവരുടെ ശതമാനം കൂടുതലാണോ? കുറവാണോ?

HON'BLE MR. T. M. VARGHESE : കൂടുതലും ആകാം കുറവും ആകാം.

LIBRARY ARCHIVES Kerala Legislative Assembly